ആൻഡ്രോയ്ഡ് കുഞ്ഞപ്പൻ
വേർഷൻ 5. 25
--------------------------------------------
ഏതാനും വർഷങ്ങൾക്കു മുൻപ് ഇൻഫോസിസിന്റെ ചെന്നൈ ഓഫീസിൽ ജോലി ചെയ്തിരുന്ന സമയം, നാടും വീടും വീട്ടുകാരെയും കൂട്ടുകാരെയും ഒക്കെ വിട്ടു ഒരു ജീവിതം ജീവിക്കാൻ നന്നേ പ്രയാസപ്പെട്ടിരുന്ന ഞാൻ എങ്ങനെയെങ്കിലും മറ്റൊരു ജോലി സമ്പാദിച്ചു നാട്ടിൽ തിരിച്ചെത്താൻ ആയി നിരവധി പരീക്ഷകൾ എഴുതുക ഉണ്ടായി...

അക്കാലത്തു സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഒരു ഇന്റർവ്യൂവിൽ പങ്കെടുക്കവെ വളരെ മുതിർന്ന ഉദ്യോഗസ്ഥൻ ആയ ഇന്റെർവ്യൂവർ എന്നോട് ചോദിച്ചു എന്തിനാണ് ഇത്രയും നല്ല ഒരു ജോലി കളഞ്ഞിട്ടു ബാങ്കിൽ ജോലി അന്വേഷിക്കുന്നത്.. വീട്ടുകാർക്ക് ഒരു താങ്ങായി നാട്ടിൽ തന്നെ ജോലി ചെയ്യണം എന്നാണ് ആഗ്രഹം എന്ന് പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു "നിങ്ങൾ കാണിക്കുന്നത് മണ്ടത്തരം ആണ്, വീട്ടുകാർ ഒക്കെ എത്രകാലം ഉണ്ടാവും, നമ്മുടെ ജീവിതം നമ്മൾ ആണ് ജീവിക്കേണ്ടത് എന്ന് ... അപ്പോൾ ഞാൻ മറുപടിയായി പറഞ്ഞു " സർ സർവീസ് തീരും വരെ ഇന്ത്യയിൽ പലയിടത്തായി ജോലി ചെയ്തു, പലപ്പോഴും സ്ഥലമാറ്റം കിട്ടിയതുകൊണ്ട് കുട്ടികൾ ഒക്കെ ഹോസ്റ്റലിൽ ആയിരുന്നു എന്ന് പറഞ്ഞല്ലോ.. ഇപ്പോൾ ജോലിയിൽ നിന്നും പിരിഞ്ഞപ്പോൾ കുട്ടികൾ ഒക്കെ വിദേശത്തും താങ്കളും ഭാര്യയും മാത്രം ഇവിടെയും... കുറെ കാശു സമ്പാദിച്ചു എന്നല്ലാതെ, സ്വന്തം മക്കളുടെ കൂടെ എത്രനാൾ സന്തോഷമായി കഴിയാൻ സാധിച്ചു... ഇപ്പോൾ ആലോചിച്ചു നോക്കൂ സർ ആരാണ് മണ്ടത്തരം കാണിച്ചത് "... ആ ജോലി എനിക്ക് കിട്ടിയില്ല എങ്കിലും ഇന്നും എനിക്ക് അതെ കാഴ്ചപാട് ആണുള്ളത്... നമ്മളെ പൊന്നുപോലെ നോക്കി വളർത്തിയ വീട്ടുകാർക്ക് നമ്മളെ ആവശ്യം ഉള്ള സമയത്തു

നമ്മൾ അടുത്തില്ലെങ്കിൽ പിന്നെ ആ ജീവിതം കൊണ്ട് എന്ത് അർത്ഥം ആണുള്ളത്...

രതീഷ് ബാലകൃഷ്ണൻ പൊതുവാൾ ആദ്യമായി തിരക്കഥ എഴുതി സംവിധാനം ചെയ്ത സൗബിനും സുരാജും പ്രധാന കഥാപാത്രങ്ങൾ ആയെത്തിയ ആൻഡ്രോയ്ഡ് കുഞ്ഞപ്പനും പറയാനുള്ളത് ഏതാണ്ട് ഇതൊക്കെ തന്നെയാണ്.. ഭാസ്കരൻ എന്ന വൃദ്ധനും അയാളുടെ പരിചാരകൻ ആയി എത്തുന്ന യന്ത്രമനുഷ്യനും തമ്മിലുള്ള വൈകാരികമായ ബന്ധത്തിന്റെ കഥ ആണ് ചിത്രം പറയുന്നത്...

ഭാര്യയുടെ മരണശേഷം മകനോടൊപ്പം കഴിയുന്ന ഭാസ്കരൻ എന്ന വയോധികന്റെ കഥയാണ് ചിത്രം പറയുന്നത്... എങ്ങനെയും പുറത്തുപോയി ജോലി ചെയ്യാൻ ആഗ്രഹിക്കുന്ന, വയസ്സ് 34 ആയിട്ടും കല്യാണം ഒന്നും ഒത്തു വരാത്ത, ഭാസ്കരന്റെ മകൻ സുബ്രഹ്മണ്യൻ ആയി എത്തുന്നത് സൗബിൻ ആണ്.. തനിച്ചാകും എന്നുള്ളത് കൊണ്ട് മകനെ ദൂരെയെങ്ങും ജോലിക്കു അയയ്ക്കാൻ താല്പര്യമില്ല ഭാസ്കരന്.... ഒടുവിൽ മകന്റെ ആഗ്രഹത്തിന് വഴങ്ങി കൊടുക്കേണ്ടി വന്ന ഭാസ്കരനെ പരിപാലിക്കാൻ ഒരു ഹോം നഴ്സിനെ,ഭാസ്കരന്റെ അനന്തിരവൻ പ്രസന്നന്റെ സഹായത്തോടെ ഏർപ്പാടാക്കിയ ശേഷം സുബ്രഹ്മണ്യൻ ജപ്പാൻ ആസ്ഥാനമാക്കിയ കമ്പനിയിൽ ജോലി ചെയ്യാൻ റഷ്യയിലേക്ക് പുറപ്പെടുകയാണ്... പക്ഷെ ഭാസ്കരന് ഹോം നഴ്സും ആയി യോജിച്ചു പോകാൻ കഴിയുന്നില്ല... പ്രസന്നൻ മറ്റു പലരെയും കൊണ്ട് വന്നെങ്കിലും ഭാസ്കരന്റെ ശീലങ്ങളോട് പൊരുത്തപ്പെടാൻ ആവാതെ അവരൊക്കെ ഓടി രക്ഷപെടുന്നു.. അവസാന ശ്രമം എന്ന നിലയിൽ സുബ്രമണ്യൻ തന്റെ കമ്പനിയുടെ തന്നെ കണ്ടുപിടിത്തം ആയ ഒരു യന്ത്ര മനുഷ്യനെ അച്ഛന്റെ സഹായത്തിനായി കൊണ്ടുവരികയാണ്.. ഭാസ്കരന് യന്ത്രമനുഷ്യനുമായി പൊരുത്തപ്പെടാൻ ആകുമോ ? മകന് പകരം ആകുമോ യന്ത്രമനുഷ്യൻ ? മകനും യന്ത്രമനുഷ്യനും തമ്മിൽ ഉള്ള അന്തരം ഭാസ്കരനും സുബ്രഹ്മണ്യനും മനസിലാക്കാൻ കഴിയുമോ,

മനുഷ്യൻ ചെയ്യേണ്ടതൊക്കെ യന്ത്രങ്ങൾ ചെയ്യേണ്ടി വരുമ്പോൾ ഉണ്ടായേക്കാവുന്ന പ്രശ്നങ്ങൾ ? നാട്ടുകാരുടെ പ്രതികരണം ? തുടങ്ങിയുള്ള ചോദ്യങ്ങൾക്കു ഉത്തരങ്ങൾ വളരെ രസകരമായ സംഭവങ്ങളിലൂടെ അവതരിപ്പിച്ചിരിക്കുകയാണ് ചിത്രത്തിൽ..സമൂഹത്തിൽ ഇന്നും തുടരുന്ന ജാതി വേർതിരിവുകളെയും രാഷ്ട്രീയ കപടതകളെയും സാന്ദർഭിക തമാശകളിലൂടെ ഒന്ന് കൊട്ടുന്നുണ്ട് ചിത്രം...

വൃദ്ധനായ ഭാസ്കരൻ ആയി അസാധ്യ പ്രകടനം ആണ് സുരാജ് വെഞ്ഞാറമ്മൂട് കാഴ്ചവയ്ച്ചിരിക്കുന്നത്... നടത്തവും ഇരുത്തവും ചേഷ്ടകളും സംസാരവും ഒക്കെ മനോഹരമായി... പ്രത്യേകിച്ച് ചിത്രത്തിന്റെ അവസാന രംഗങ്ങളിൽ ഭാസ്കരൻ വല്ലാതെ വൈകാരികമായി തകരുന്ന ആ നിമിഷം സുരാജ് അതിശയിപ്പിക്കുന്നുണ്ട് പ്രേക്ഷകരെ... സുരാജിന്റെ കഥാപാത്രവുമായി താരതമ്യം ചെയ്യുമ്പോൾ കാര്യമായി ഒന്നും ചെയ്യാൻ ഇല്ലങ്കിലും സൗബിനും മോശം ആക്കിയില്ല... ഭാസ്കരന്റെ അനന്തരവൻ പ്രസന്നൻ ആയി എത്തിയ സൈജു കുറുപ്പ് നന്നായി ചിരിപ്പിച്ചു... സൗദാമിനി ആയെത്തിയ മാല പാർവതിയും ഹിറ്റോമി ആയി എത്തിയ കെന്റി സിർഡോയും ദേഷ്യക്കാരൻ ആയ യുവാവ് ആയെത്തിയ രാജേഷ് മാധവനും മറ്റു ചെറുതും വലുതുമായ കഥാപാത്രങ്ങൾ ഒക്കെയും നന്നായി...

ഒരു യന്ത്രമനുഷ്യൻ വർത്തമാനകാല കേരളത്തിലെ ഒരു നാട്ടുമ്പുറത്ത് അവതരിപ്പിക്കുമ്പോൾ ഉണ്ടായേക്കാവുന്ന തമാശകൾ ആവോളം ഉണ്ട് ചിത്രത്തിൽ... ഒരു യന്ത്രമനുഷ്യൻ പ്രേക്ഷകരിലേക്ക് വൈകാരികമായി അടുപ്പിക്കുക എന്നത് ഏറെ വെല്ലുവിളി നിറഞ്ഞ ഒന്നാണ്... പക്ഷെ ചിത്രം കണ്ടുകൊണ്ടിരിക്കുമ്പോൾ പ്രേക്ഷകർ അറിയാതെ തന്നെ അതൊരു യന്ത്രം ആണെന്നത് മറന്നു, ഭാസ്കരനെ പോലെ തന്നെ, വല്ലാതെ അതിനോട് അടുപ്പം തോന്നിപോകും... അത് എഴുത്തുകാരൻ കൂടി ആയ സംവിധായകന്റെ വിജയം ആണ്...

ബിജിപാലിന്റെ സംഗീതവും സനു ജോൺ വർഗീസിന്റെ ക്യാമറ കാഴ്ചകളും നന്നായി...

സംവിധായന്റെ കൈപ്പിടിയിൽ നിന്നും വഴുതി വലുതായിപോയ യന്ത്രമനുഷ്യന്റെ കഥാപാത്രത്തെ അവസാനം എന്തു ചെയ്യണം എന്ന് അറിയാതെ കുഴങ്ങിയപ്പോൾ എങ്ങനെയൊക്കെയോ കൊണ്ടുപോയി ഇടിച്ചു നിർത്തിയതുപോലെ തോന്നിയ ക്ലൈമാക്സിന്റെ ചെറിയ നിരാശ ഒഴിച്ചാൽ മനസ്സ് നിറഞ്ഞു ചിരിച്ച്, അൽപം ചിന്തിച്ച്, അൽപം തിരിച്ചറിവോടെ കണ്ടു തീർക്കാവുന്ന മനോഹര ചിത്രം ആണ് ആൻഡ്രോയ്ഡ് കുഞ്ഞപ്പൻ വേർഷൻ 5.25

റിവ്യൂ : Arjun Anand